# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **593**</u>

<u>**24.01.2018** ൽ മറുപടിക്ക്</u>

## <u>റോഡ് നിർമ്മാണ സാമഗ്രികളുടെ ക്ഷാമം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി.കൃഷ്ണൻ | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) റോഡ് നിർമ്മാണ സാമഗ്രികൾക്ക് വിശിഷ്യാ കരിങ്കല്ലിന് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഇത് വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിങ്കൽ ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 02.12.2016 തീയതിയിലെ ബഹു.സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. 5 ഹെക്ടറോ അതിനു താഴെയോ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. 5 ഹെക്ടറിനു മുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. ടി അതോറിറ്റികളുടെ പ്രവർത്തനം ദ്രുതഗതിയിലാക്കി പാരിസ്ഥിതികാനുമതികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള |

അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) ചെറുകിട ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) ചെറുകിട ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി പത്രങ്ങൾ ഹാജരാക്കിയാൽ ഖനനാനുമതിക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ